പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 1238

12.03.2015 - ൽ മറുപടിയ്ക്ക്

## കയർ ഫെസ്റ്റ് 2015

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർഫെസ്റ്റ് 2015 ന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാ ക്കാമോ;<br>(ബി) ഇതിന്റെ പ്രചാരണത്തിനായി എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ; | (എ)&(ബി) കയർ കേരള 2015 ന്റെ കണക്ക് സെറ്റിൽ ചെയ്ത് ഓഡിറ്റിംഗ് പൂർത്തിയാകുമ്പോഴേ ചെലവഴിച്ച തുക കൃത്യമായി അറിയാൻ കഴിയൂ. |
| (സി) ഏതെല്ലാം രീതിയിലുള്ള പ്രചാരണമാണ് സംഘടിപ്പിച്ചിരുന്നതെന്നും ഓരോ ഇനത്തിലും ചെലവ് വന്ന തുക എത്രയെന്നും അറിയിക്കാമോ;<br><br>(ഡി) ഫ്ളക്സ് ബോർഡുകളും പോസ്റ്ററും പ്രിന്റ് ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനുമായി എത്ര രൂപയാണ് ചെലവഴിച്ചത് എന്ന് അറിയിക്കാമോ; | (സി)&(ഡി) കയർ കേരള 2015 ന്റെ പ്രചാരണത്തിനായി സംഘടിപ്പിച്ചിരുന്നത് ഹോർഡിംഗ്സ്, പ്രിന്റ് മീഡിയ, ഓഡിയോ-വിഷ്വൽ മീഡിയ എന്നിവയാണ്. ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് വിവരങ്ങൾ സെറ്റിൽ ചെയ്ത് ഓഡിറ്റിംഗ് പൂർത്തിയാകുമ്പോഴേ ചെലവ് കൃത്യമായി അറിയാൻ കഴിയൂ. |
| ഇ) മേളയ്ക്ക് വേണ്ടി പ്രിന്റ് ചെയ്ത പോസ്റ്ററുകൾ മേള അവസാനിച്ചിട്ടും കയർ ഡയക്ടറേറ്റിൽ കെട്ടിക്കിടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ എന്ന് അറിയിക്കുമോ; | ഇ) മേളയ്ക്ക് വേണ്ടി പ്രിന്റ് ചെയ്ത പോസ്റ്ററുകളിൽ ബാക്കിയായ കുറച്ച് പോസ്റ്ററുകൾ കയർ ഡയറക്ടറേറ്റിൽ സൂക്ഷിച്ചിട്ടു ണ്ട്. |
| (എഫ്) മേളയുടെ മറവിൽ വൻധൂർത്തും ക്രമക്കേടുകളും നടന്നതായി ആരോപണ മുയർന്നിട്ടു ണ്ടോ എന്നും ആയതു പ രിശോധിക്കുമോ എന്നും വ്യക്ത മാക്കുമോ; | (എഫ്) മേളയുടെ മറവിൽ ധൂർത്തും ക്രമക്കേടുകളും നടന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ